പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1464 13.07.2016 - ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ .അൻവർ സാദത്ത് : | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 2006-2011, 2011 - 2016 കാലഘട്ടങ്ങളിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) 2006-2011 കാലഘട്ടത്തിൽ ഡി, കെ, ഇ, ജെ1,ജെ2, ജെ3 എന്നീ ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കപ്പെട്ടു.<br>2007 ൽ മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം എന്നിവ വണ്ടാനത്തേക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടു. ബ്ലഡ് ബാങ്ക് വിത്ത് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് തുറന്നു. സെൻട്രലൈസ്ഡ് ലാബ്, ലാൻഡ് സ്കേപ്പിംഗ് വർക്ക് എന്നിവ തുടങ്ങുകയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിക്കുകയും ചെയ്തു.<br>2009 ൽ സർജറി ഡിപ്പാർട്ട് മെന്റ് ഷിഫ്റ്റ് ചെയ്യപ്പെട്ടു. ഫൈബർ ഒപ്റ്റിക് ബ്രോങ്കോസ്കോപ്പ്, പൾമണറി മെഡിസിൻ ഡിപ്പാർട്ട്മെന്റ് എന്നിവ ആരംഭിച്ചു. ഇലക്ട്രിക് ടിൽറ്റ് ടേബിൾ, കോമ്പിനേഷൻ തെറാപ്പി, ഇ.എം.ജി മെഷീൻ തുടങ്ങിയവ പി.എം.ആർ. ഡിപ്പാർട്ട്മെന്റിൽ വാങ്ങി. ന്യൂറോളജി ഡിപ്പാർട്ട്മെന്റിന് വീഡിയോ ഇ.ഇ.ജി., ന്യൂറോ സർജറിക്ക് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, കാർഡിയാക്ക് കാത്ത്റൈസേഷൻ ലാബ് എന്നിവ ആരംഭിച്ചു. സി.റ്റി.വി.എസ്. പ്രവർത്തനം ആരംഭിച്ചു.<br>2011-16 ൽ എച്ച്1, എച്ച്2, ജി1, ജി2 ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മൾട്ടി ഡിസിപ്ലിനറി ഐ.സി.യു നിർമ്മാണം ആരംഭിക്കുകയും പുതിയ മോർച്ചറി കെട്ടിടം, ലീനിയർ ആക്സിലിറേറ്റർ എന്നിവയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എച്ച്1, എച്ച്2, ബ്ലോക്കിലേക്ക് സർജറി ഡിപ്പാർട്ടുമെന്റും, ജി1, ജി2 ബ്ലോക്കിലേക്ക് മെഡിസിൻ ഡിപ്പാർട്ടുമെന്റും ഷിഫ്റ്റ് ചെയ്തു. പി.ഐ.സി.യു., എസ്.എൻ.ഐ.സി.യു. എന്നിവ ആരംഭിച്ചു. നഴ്സസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു. ലക്ചറർ തീയേറ്റർ കോംപ്ലക്സ്, സ്കിൽസ് ലാബ് എന്നിവ |

| | |
|---|---|
| | പൂർത്തീകരിച്ചു. ആശുപത്രി ഓഫീസ് ജെ ബ്ലോക്കിലേയ്ക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടു. യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഇ.എൽ.ഡബ്ല്യൂ എൻ.എൽ യൂണിറ്റ് തുടങ്ങി. റീനൽ ട്രാൻസ് പ്ലാന്റേഷൻ തുടങ്ങി. കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചു. മാമോഗ്രാഫി, 1000 MA X-ray എന്നിവ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റിൽ ആരംഭിച്ചു. ഓഫ്ത്താൽമോളജിയിൽ Vitreoretinal Surgery യൂണിറ്റ് തുടങ്ങി. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. |
| (ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ വികസനത്തിനായി എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) & (സി)<br>എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല |

സെക്ഷൻ ഓഫീസർ